ഇ.ബി.XIII –കേരള നിയമസഭ/X—9

പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

# നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2014 ജനുവരി 24, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

**ധനകാര്യം**

## 2014-15 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിന്റേയും വോട്ട് ഓൺ അക്കൗണ്ടിന്റേയും അവതരണം

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ.എം. മാണി 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള അവസാന ബാച്ച് ഉപധനാഭ്യർത്ഥനയുടേയും 1990-91, 1992-93, 1995-96, 1996-97, 1997-98, 1998-99, 2000-01, 2001-2002, 2003-04, 2006-07, 2008-09, 2009-10 എന്നീ സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റും

മേശപ്പുറത്തുവച്ചശേഷം 2014-15 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റ് അവതരിപ്പിച്ചു. തുടർന്ന് 2014-15 സാമ്പത്തിക വർഷത്തെ ഏപ്രിൽ മുതൽ ജൂലൈവരെയുള്ള നാലു മാസത്തെ വോട്ട് ഓൺ അക്കൗണ്ട് അവതരിപ്പിക്കുകയും 2014-15 മുതൽ 2016-17 വരെയുള്ള സാമ്പത്തിക വർഷങ്ങളിലേക്കുള്ള Medium Term Fiscal Policy Statement-ഉം Strategy Statement-ഉം Medium Term Fiscal Plan-ഉം മേശപ്പുറത്ത് വയ്ക്കുകയും ചെയ്തു.

(രാവിലെ 9.00 മണിക്ക് ആരംഭിച്ച ബഡ്ജറ്റ് പ്രസംഗം 11.31-ന് പൂർത്തിയാക്കി.)

<u>മി. സ്പീക്കര്:</u> ബഡ്ജറ്റ് പ്രസംഗത്തിന്റെ കോപ്പികൾ ബഹുമാനപ്പെട്ട അംഗങ്ങൾക്കും മാധ്യമ പ്രതിനിധികൾക്കും ഇപ്പോൾ സഭയിൽ വിതരണം ചെയ്യുന്നതും ബഡ്ജറ്റ് ഡോക്യുമെന്റ്സ് അംഗങ്ങൾക്ക് എം.എല്.എ. ഹോസ്റ്റലിലെ അവരവരുടെ മുറികളിലും എത്തിക്കുന്നതാണ്. മാധ്യമ പ്രതിനിധികൾക്കുള്ള ബഡ്ജറ്റ് ഡോക്യുമെന്റ്സ് ടേബിൾ വിഭാഗം അണ്ടർ സെക്രട്ടറിയുടെ നാന്നൂറ്റിയേഴാം നമ്പർ മുറിയിൽ നിന്ന് ലഭിക്കുന്നതാണ്.

(ബഡ്ജറ്റ് പ്രസംഗത്തിന്റെ കോപ്പികൾ വിതരണം ചെയ്തു.)

സഭ രാവിലെ 11.34-ന് പിരിഞ്ഞു.

******************************